തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**
വാക്കാട്, മലപ്പുറം – 676 502
ഫോൺ : 0494 2631230

21.03.2024

നം. 1663/എ2/2021/പർച്ചെയ്സ്.

## ടെണ്ടർ നോട്ടീസ്

### തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല - എയർകണ്ടീഷണറുകൾ വിതരണം ചെയ്ത സ്ഥാപിക്കുന്നതിന് ടെണ്ടറുകൾ ക്ഷണിക്കുന്നു

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല വിവിധ ഓഫീസുകളിലേയ്ക്ക് ആവശ്യമായ താഴെ പറയുന്ന സാങ്കേതിക വിശദാംശങ്ങൾ അടങ്ങിയ എയർകണ്ടീഷണറുകൾ വിതരണം ചെയ്ത സ്ഥാപിക്കുന്നതിന് തയ്യാറുള്ള എയർകണ്ടീഷണറുകളുടെ അംഗീകൃത വിതരണക്കാരിൽ/സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു. എയർകണ്ടീഷണറുകൾക്കാവശ്യമായ സ്റ്റെബിലൈസറുകൾ, സ്റ്റാന്റുകൾ, ഘടിപ്പിക്കാൻ ആവശ്യമായ മറ്റു സാധനസാമഗ്രികൾ എന്നിവ ഉൾപ്പെടെയുള്ള നിരക്കാണ് ക്വാട്ടു ചെയ്യേണ്ടത്.

<u>എയർകണ്ടീഷണറിന്റെ വിശദാംശങ്ങൾ</u>

1 ടിആർ സ്പ്ലിറ്റ് എയർകണ്ടീഷണർ (ഇൻവെർട്ടർ), സ്റ്റെബിലൈസർ, സപ്ലൈ, ഇൻസ്റ്റലേഷൻ, ടെസ്റ്റിംഗ് & കമ്മീഷണിംഗ്, മുഴുവൻ കോപ്പർ കണ്ടൻസർ, 5 സ്റ്റാർ സർട്ടിഫിക്കറ്റോടു കൂടിയ നിരക്കുകൾ വെവ്വേറെ കാണിക്കേണ്ടതാണ്. ഇൻസ്റ്റലേഷൻ ചാർജും പ്രത്യേകം കാണിക്കണം.

1) എയർകണ്ടീഷണർ 1.5 ടൺ - 9 എണ്ണം
2) സ്റ്റെബിലൈസർ - 9 എണ്ണം
3) സ്റ്റാന്റ് - 9 എണ്ണം

നിബന്ധനകൾ:

1) വാറണ്ടി/ഗ്യാരണ്ടി കാലാവധി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്.
2) എയർകണ്ടീഷണറുകൾ വിതരണം ചെയ്യാൻ കമ്പനിയുടെ അധികാരമുള്ള അംഗീകൃത സ്ഥാപനമായിരിക്കണം.
3) ടെണ്ടറുകൾക്ക് ഒരു വർഷത്തെ കാലാവധി ഉണ്ടായിരിക്കുന്നതാണ്. ആയതിനാൽ ക്വാട്ടു ചെയ്യുന്നനിരക്കുകൾ ഒരു വർഷത്തേയ്ക്ക് ബാധകമായിരിക്കുന്നതാണ്.

മേൽ കാണിച്ച നിബന്ധനകൾ പാലിച്ചുകൊണ്ട് എയർകണ്ടീഷണറുകൾ വിതരണം ചെയ്തു കൊള്ളാമെന്നുള്ള സത്യപ്രസ്താവന ടെണ്ടറിനൊപ്പം വെച്ചിരിക്കണം.

സർവകലാശാലയുടെ പേരിലെടുത്ത ഡിമാന്റ് ഡ്രാഫ്റ്റായി <u>വിലയുടെ 1% (1,500/- രൂപയിൽ കുറയാത്ത സംഖ്യ)</u> തുക നിരതദ്രവ്യമായി ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. എയർകണ്ടീഷണറിന്റെ വാറന്റി കാലയളവ്, വർഷാവർഷമുള്ള മെയിന്റനൻസ് തുക, അംഗീകൃത വിതരണക്കാരാണെന്ന് കാണിക്കുന്ന ആധികാരിക രേഖ എന്നിവ സഹിതമുള്ള സീൽ ചെയ്ത

ടെണ്ടറുകൾ **11.04.2024 ന് ഉച്ചയ്ക്ക് 2 മണിക്ക്** മുമ്പായി സർവകലാശാല ഓഫീസിൽ ലഭിച്ചിരിക്കണം. **"സർവ്വകലാശാലാ - എയർകണ്ടീഷണറുകൾ വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ"** എന്ന് കവറിന്റെ പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ടെണ്ടറുകൾ **11.04.2024 ന് ഉച്ചയ്ക്ക് 2 മണിക്ക്** മുമ്പായി സർവകലാശാല ഓഫീസിൽ ലഭിച്ചിരിക്കണം. **"സർവ്വകലാശാലാ - എയർകണ്ടീഷണറുകൾ വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ"** എന്ന് കവറിന്റെ പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ടെണ്ടറുകൾ അന്ന് 3 മണിക്ക് തന്നെ തുറക്കുന്നതും വിശദാംശങ്ങളും വിലയും താരതമ്യം ചെയ്ത് തിരഞ്ഞെടുക്കുന്ന അംഗീകൃത സ്ഥാപനത്തിന് കരാർ ഉറപ്പിച്ച് നൽകുന്നതുമാണ്. ടെണ്ടറുകൾ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം സർവ്വകലാശാല വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും. കരാർ ലഭിക്കുകയാണെങ്കിൽ അനുമതി കത്ത് ലഭിച്ച് ഒരാഴ്ചയ്ക്കകം എയർകണ്ടീഷണറുകൾ വിതരണം ചെയ്ത് സ്ഥാപിച്ചുകൊള്ളാമെന്നുള്ള സാക്ഷ്യപത്രം ടെണ്ടറിനൊപ്പം സമർപ്പിക്കണം.

**വൈകി ലഭിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.**

കൂടുതൽ വിവരങ്ങൾക്ക് ഓഫീസിൽ നേരിട്ടോ, 0494-2631230 എന്ന നമ്പറിലോ, www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

**രജിസ്ട്രാർ ഇൻ ചാർജ്**

വി.സി. കാര്യാലയം/മലയാളസർവകലാശാല ഓഫീസ് നോട്ടീസ് ബോർഡ്/ഫ്രണ്ട് ഓഫീസ്/
മലയാളസർവ്വകലാശാല വെബ്സൈറ്റ്/ഫിനാൻസ്/അക്കൗണ്ട്സ്/പി.ആർ.ഒ./എ.എ.ഒ./
തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/എസ്റ്റേറ്റ് ഓഫീസർ/
നിറമരുതൂർ പഞ്ചായത്ത് ഓഫീസ്/ആഫീസ് രേഖ